# IV സബ്മിഷൻ

## (1) അരിപ്പയിലെ ഭൂസമരക്കാർക്ക് സ്ഥലം അനുവദിക്കൽ

ശ്രീ. രമേശ് ചെന്നിത്തല: സർ, അഞ്ഞൂറോളം കുടുംബങ്ങൾ വർഷങ്ങളായി നടത്തിവരുന്ന ഒരു പോരാട്ടത്തിന്റെ കഥയാണ് എനിക്ക് അങ്ങയിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അരിപ്പയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ വർഷങ്ങളായി താമസിക്കാനുള്ള ഭൂമിക്കുവേണ്ടി നടത്തുന്ന സമരമാണ്. കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയ്ക്കടുത്തുള്ള അരിപ്പയിൽ, വർഷങ്ങളായി അവർ കുടിൽ കെട്ടി സമരം ചെയ്യുകയാണ്. അവിടെ സമരം ചെയ്യുന്ന പാവപ്പെട്ട ആളുകൾ നിരന്തരമായ ദുരിതങ്ങളും പ്രയാസങ്ങളുമാണ് നേരിടുന്നത്. ആദിവാസി വിഭാഗങ്ങൾക്ക് ഒരേക്കർ ഭൂമിയും പട്ടികജാതിക്കാർക്ക് 50 സെന്റ് ഭൂമിയും മറ്റുള്ളവർക്ക് 25 സെന്റ് ഭൂമിയും ആവശ്യപ്പെട്ടുകൊണ്ടാണ് ഇവർ സമരം നടത്തുന്നത്. 09-10-2018-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ മൂന്ന് മാസത്തിനുള്ളിൽ ആദിവാസികളായ അവിടെ താമസിക്കുന്നവർക്ക് ഭൂമി നൽകാൻ തീരുമാനിച്ചു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

91 പേരെക്കൂടി ഉൾപ്പെടുത്തി എൻക്വയറി പൂർത്തിയാക്കി. മൂന്നൂറോളം കുടുംബങ്ങൾ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ട്. അരിപ്പയിൽ നിലവിൽ താമസിക്കുന്നവർക്ക് അവിടെതന്നെ ഭൂമി നൽകണമെന്നാണ് സമരക്കാരുടെ ആവശ്യം. കോവിഡുകാലത്ത് ഏറ്റവും വലിയ പ്രതിസന്ധി നേരിട്ട വിഭാഗമാണവർ. അവർക്ക് യാതൊരു സഹായവും കിട്ടിയില്ലെന്നുമാത്രമല്ല, അവർ അവിടെ വലിയ ദുരന്തങ്ങളെയാണ് നേരിട്ടത്. ധാരാളം ആളുകൾക്ക് പ്രയാസങ്ങളും ദുരിതങ്ങളും നേരിടേണ്ടിവന്നു. സമരഭൂമിയിൽ 2017 വരെ നെൽക്കൃഷിയും പയർക്കൃഷിയും നടത്തി അവർ ജീവിച്ചുവന്നതാണ്. എന്നാൽ കൃഷി വിധ്വംസക പ്രവർത്തനമാണെന്ന് എന്നുപറഞ്ഞ് റവന്യൂ അധികൃതർ കൃഷി തടസ്സപ്പെടുത്തി. ഇപ്പോൾ കൃഷിയും ചെയ്യാൻ കഴിയാത്ത അവസ്ഥയാണവർക്കുള്ളത്. അരിപ്പ ഭൂസമരം പരിഹരിക്കാമെന്ന പേരിൽ 2017-ൽ റവന്യൂ വകുപ്പ് കണക്കെടുപ്പ് നടത്തുകയുണ്ടായി. 2018 ഒക്ടോബറിൽ റവന്യൂ-വനം വകുപ്പുമന്ത്രിമാർ സമരക്കാരുമായി ചർച്ച നടത്തി. കണക്കെടുപ്പ് പൂർത്തിയാക്കിയ കുടുംബങ്ങളുടെ ജാതി, ഭൂവുടമസ്ഥരുടെ പരിശോധന എന്നിവയ്ക്കുശേഷം മൂന്നുമാസത്തിനകം ഭൂമി നൽകാമെന്ന് അറിയിച്ചു.

കഴിഞ്ഞദിവസം ഞാൻ ഈ സമരഭൂമി സന്ദർശിച്ചിരുന്നു. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. മെഡിക്കൽ സൗകര്യങ്ങളില്ല. നേരത്തെ മെഡിക്കൽ ടീം വന്ന് അവരെ പരിശോധന നടത്തുമായിരുന്നു. ഇപ്പോൾ അതുമില്ല. അവിടെ വൈദ്യുതിയില്ലാത്തതിനാൽ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് കുട്ടികൾ പഠിക്കുന്നത്. ഇക്കഴിഞ്ഞ 2024 നവംബർ 14-ന് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയെങ്കിലും ഇതുവരെ അവരുടെ ലിസ്റ്റ് തയ്യാറായിട്ടില്ല. അരിപ്പ സമരഭൂമിയിൽ ഒന്നാം ക്ലാസ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു സഹായവുമില്ല, അവർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. സ്വന്തമായ ഭൂമിയില്ലാതെ ഈ അഞ്ഞൂറോളം കുടുംബങ്ങൾ നടത്തുന്ന സമരത്തോട് ഗവൺമെന്റ് അനുഭാവപൂർവമായ സമീപനം സ്വീകരിക്കണം. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായ ഈ പാവങ്ങൾക്ക് ഭൂമി നൽകാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, 1996-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് കുത്തകപ്പാട്ടം റദ്ദാക്കി ആ ഭൂമി ഏറ്റെടുക്കുന്നത്. കുളത്തൂപ്പുഴ MRS (Model Residential School)-ന് 13.5 ഏക്കറും ചെങ്ങറ ഭൂസമരക്കാർക്ക് 21.5 ഏക്കറും ഭൂമിയും നൽകുകയുണ്ടായി. പിന്നീട് 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്താണ് ആദിവാസികളുൾപ്പെടെയുള്ള ആളുകൾ ഭൂമിക്കുവേണ്ടിയുള്ള സമരം അന്നവിടെ ആരംഭിച്ചത്. അന്നത്തെ ആ ഗവൺമെന്റിന്റെ കാലത്ത് ആ പ്രശ്നം ചർച്ച ചെയ്യുകയോ അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമമോ നടന്നിട്ടില്ല. പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് (റവന്യൂ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും) 2017-ലും 2018-ലും സമരക്കാരുമായി ചർച്ച നടത്തി. അതുപോലെ ഇതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിലും ഉദ്യോഗസ്ഥതലത്തിൽ ചർച്ചകൾ നടത്തുകയുണ്ടായി. അവർക്ക് ഭൂമി കൊടുക്കാവുന്ന ഒരു ഘട്ടത്തിലേയ്ക്ക് വന്നപ്പോൾ ചില സാങ്കേതികമായ

തടസ്സങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം നീട്ടിക്കൊണ്ടുപോകാനുള്ള ഒരു ശ്രമമുണ്ടായെന്നുള്ളതൊക്കെ നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ താൽപര്യമെടുത്ത് ഇടപെടുന്നുണ്ട്. രണ്ടുതവണയാണ് റവന്യൂ വകുപ്പുമന്ത്രി ഔദ്യോഗികമായി മീറ്റിങ് വിളിച്ചത്. അതിനുശേഷം 14-11-2024-ൽ സമരക്കാരെയുൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ യോഗം ചേരുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ജില്ലാകളക്ടറെ ചുമതലപ്പെടുത്തി ആ ഭൂമിയുമായി ബന്ധപ്പെട്ട നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അരിപ്പ ഭൂസമരം പരിഹരിക്കുന്നതിന് നിലവിൽ അനുകൂലമായിട്ടുള്ള സാഹചര്യമാണുള്ളത്. എന്നാൽ ഗവൺമെന്റ് അനുകൂല നടപടികളുമായി മുന്നോട്ടുപോകുമ്പോഴും വീണ്ടും സാങ്കേതികമായ വാദങ്ങളുയർത്തി പ്രശ്നപരിഹാരത്തിന് തടസ്സം നിൽക്കുമെന്നുള്ള ഒരാശങ്ക ഭൂമിക്കുവേണ്ടി നിലകൊള്ളുന്നവർക്കുണ്ട്. അവിടെ മന്ത്രിതല മീറ്റിങ്ങിൽ എല്ലാവരും ആ പ്രശ്നം പരിഹരിക്കാൻ തയ്യാറായി, അത്തരമൊരു നിലപാടാണ് സ്വീകരിച്ചത്. ഗവൺമെന്റും ആ മനോഭാവമാണ്

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എത്രയുംവേഗം ആ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്ക് മാറ്റിനിർത്തപ്പെടുന്ന ജനതയ്ക്ക്, ആദിവാസികൾ ഉൾപ്പെടെ ഭൂമിയുടെ അവകാശികളായ മനുഷ്യർക്ക് അവരുടെ അവകാശം കൊടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ പൊതുനിലപാട്. അതുകൊണ്ടാണ് മുത്തങ്ങയിൽ സമരം നടത്തിയിരുന്ന അവസാനത്തെയാൾക്കും ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടയം കൊടുത്തത്. അരിപ്പയും ചെങ്ങറയും ഇപ്പോൾ വളരെ ഗൗരവമായി നമ്മൾ ഏറ്റെടുത്തിട്ടുള്ള പ്രശ്നങ്ങളാണ്. അതുകൊണ്ടാണ് ഇന്നലെ ഞാൻ പറഞ്ഞതുപോലെ, കഴിഞ്ഞ എത്രയോ കാലമായി ROR (Record of Rights) മാത്രമുണ്ടായിരുന്ന വനഗ്രാമങ്ങളെ റവന്യൂ ഗ്രാമങ്ങളായി പ്രഖ്യാപിക്കുന്ന നടപടിയിലേയ്ക്ക് ഗവൺമെന്റ് കടക്കുകയും ചെയ്തിട്ടുള്ളത്. ഇവിടെ രണ്ടുപേരും, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ.-യും ഉന്നയിച്ച വിഷയങ്ങൾ വളരെ

ഗൗരവത്തോടുതന്നെയാണ് സംസ്ഥാന ഗവൺമെന്റ് കാണുന്നത്. പട്ടയപ്രശ്നങ്ങൾ പരിഹരിക്കാനായി രൂപീകരിക്കപ്പെട്ട പട്ടയമിഷനിൽ ഇതൊരു വിഷയമായി വരികയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കകം വില്ലേജിൽ സർവെ നമ്പർ 745(1)-ൽപ്പെട്ട 94 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമി കുത്തകപ്പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരുന്ന തങ്ങൾകുഞ്ഞ് മുസലിയാരുടെ അവകാശികളിൽനിന്ന് 04-08-1997-ൽ തിരികെ ഏറ്റെടുത്തിരുന്നു. വയനാട്ടിലെ മുത്തങ്ങ, പത്തനംതിട്ടയിലെ ചെങ്ങറ എന്നിവിടങ്ങളിൽ നടന്ന ഭൂസമരങ്ങളുടെ പശ്ചാത്തലത്തിൽ ആദിവാസികൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന ഭൂമി അതത് ജില്ലകളിൽ കണ്ടെത്തുന്നതിനായി ചീഫ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച കമ്മിറ്റി തങ്ങൾകുഞ്ഞ് മുസലിയാരുടെ അവകാശികളിൽനിന്ന് തിരികെയെടുത്ത തിങ്കൾക്കരിക്കകം വില്ലേജിലെ അരിപ്പയിലുള്ള മേൽ പരാമർശിച്ച ഭൂമി ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ശിപാർശ ചെയ്യുകയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 07-08-2023-ലെ ഉത്തരവുപ്രകാരം ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക്

വിതരണം ചെയ്യുന്നതിനായി മാറ്റിവച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിൽ 13.55 ഏക്കർ ഭൂമി 13-01-2006-ലെ ഉത്തരവുപ്രകാരം ആദിവാസികൾക്ക് വേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടി നൽകിയിട്ടുള്ളതും 21.54 ഏക്കർ ഭൂമി 02-01-2010-ലെ ഉത്തരവുപ്രകാരം ചെങ്ങറ ഭൂസമര പുനരധിവാസ പാക്കേജിലുൾപ്പെടുത്തി 20 ആദിവാസി കുടുംബങ്ങൾക്കായി ഒരേക്കർ ഭൂമി വീതവും 1.54 ഏക്കർ ഭൂമി ആ കുടുംബങ്ങളുടെ പൊതുആവശ്യത്തിലേയ്ക്കും മാറ്റിവച്ചിരുന്നു. അവശേഷിക്കുന്ന ഭൂമിയിൽ 2013 ജനുവരി മാസംമുതൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഭൂരഹിതരായ ആളുകൾ കൈയേറി കുടിൽവച്ച് ഭൂസമരം ആരംഭിച്ചതാണ് അരിപ്പയിലെ ഇപ്പോഴുള്ള ഭൂസമരത്തിന്റെ പശ്ചാത്തലം. അരിപ്പ സമരഭൂമിയിൽ ആദ്യകാലങ്ങളിൽ നടത്തിയ വിവരശേഖരണത്തിൽ വിവിധ സമുദായത്തിൽപ്പെട്ട 516 കുടുംബങ്ങൾ അവിടെ കുടിൽകെട്ടി താമസിച്ചുവരുന്നതിൽ 336 പട്ടികജാതിക്കാർ, 54 പട്ടികവർഗ്ഗക്കാർ, 126 മറ്റ് വിഭാഗക്കാർ എന്നിങ്ങനെയുണ്ടെന്ന് കണക്കാക്കിയിരുന്നുവെങ്കിലും ഇടക്കാലത്ത് പ്രസ്തുത സ്ഥലവും കൈവശവും പരിശോധിച്ചതിൽ

കൈവശങ്ങളുടെ എണ്ണം 167 ആയി കുറഞ്ഞിട്ടുള്ളതും ആയതിൽ 19 പട്ടികവർഗ്ഗക്കാരും 99 പട്ടികജാതിക്കാരും 49 മറ്റ് വിഭാഗത്തിൽപ്പെട്ടവരുമാണുണ്ടായിരുന്നത്. അതിൽ പ്രധാനമായും കൊല്ലം-75, തിരുവനന്തപുരം-50, കോട്ടയം-72, പത്തനംതിട്ട-11, മറ്റ് ജില്ലക്കാർ-9 എന്നിങ്ങനെയാണ് കൈവശങ്ങൾ. 'ഭൂരഹിതരില്ലാത്ത പുനലൂർ' എന്ന പദ്ധതിയിൽ അരിപ്പ സമരഭൂമിയിൽ കുടിൽ കെട്ടിത്താമസിക്കുന്നവരിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. ശ്രീ. പി. എസ്. സുപാൽ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ അരിപ്പ ഭൂസമരം ചർച്ച ചെയ്യുന്നതിനുവേണ്ടി റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 18-09-2023, 19-10-2023 തീയതികളിൽ റവന്യൂ ഉദ്യോഗസ്ഥരുടെ മാത്രമായി യോഗം ചേർന്നിരുന്നു. തുടർന്ന് 14-11-2024-ൽ, അരിപ്പ സമരഭൂമിയിൽ സമരം ചെയ്യുന്ന സമരനേതാക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുകയും അരിപ്പ പ്രാദേശിക സമരത്തിൽ പങ്കെടുത്തവരുടെയും അരിപ്പ റവന്യൂ ഭൂമിയിൽ ഭൂമി

ലഭിക്കാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളുടെയും പ്രാഥമിക വിവരശേഖരണം നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), ആർ.ഡി.ഒ. പുനലൂർ, തഹസിൽദാർ പുനലൂർ, കുളത്തുപ്പുഴ പഞ്ചായത്ത് സെക്രട്ടറി, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ഒരു ആറംഗ കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി അരിപ്പയിൽ ഏതൊക്കെ ജില്ലയിൽ ഉൾപ്പെട്ടവരുണ്ട്, ഇപ്പോൾ അവിടെ താമസിക്കുന്നവരുടെ എണ്ണം, ഭൂമിയുടെ അളവ്, കൊല്ലം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം എന്നിവ കണക്കാക്കി ജില്ലാ കളക്ടർ മുഖേന റിപ്പോർട്ട് സമർപ്പിക്കണമെന്നും ജില്ലാ കളക്ടർ സ്ഥലം സന്ദർശനം നടത്തി ഏറ്റവും കുറഞ്ഞ കാലയളവിൽ പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു. യോഗതീരുമാനപ്രകാരം രൂപീകരിച്ച സമിതി പുനലൂർ, തിങ്കൾക്കരിക്കകം വില്ലേജ് സർവെ നമ്പർ 745/1 ഉൾപ്പെട്ട 51.74 ഏക്കർ വരുന്ന അരിപ്പ സമരഭൂമി സന്ദർശിച്ച് പരിശോധന നടത്തുകയും ടി സ്ഥലത്തെ കൈവശക്കാരുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോ കുടിലിന്റെയും സ്ഥാനവും അടയാളപ്പെടുത്തി ഐ-സ്കെച്ചും തയ്യാറാക്കി. ആയതിന്റെയടിസ്ഥാനത്തിൽ കുളത്തുപ്പുഴ-

തിങ്കൾക്കരിക്കകം-അരിപ്പ സമരഭൂമിയിൽ നിലവിൽ 296 കൈവശക്കാരുള്ളതായും അതിൽ 30 പട്ടികവർഗ്ഗ കുടുംബങ്ങളും 187 പട്ടികജാതി കുടുംബങ്ങളും 79 ഇതരവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും നിലനിൽക്കുന്നതായും 281 കുടിലുകൾ കണ്ടെത്തിയിട്ടുള്ളതായും ജില്ലാകളക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 296 കൈവശങ്ങളിൽ തിരുവനന്തപുരം-68, കൊല്ലം-167, ആലപ്പുഴ-2, പത്തനംതിട്ട-23, ഇടുക്കി-2, കോട്ടയം-31, പാലക്കാട്-1, കണ്ണൂർ-2 എന്നിങ്ങനെയാണുള്ളത്. കൊല്ലം ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 29 പേർ ഭൂരഹിത-ഭവനരഹിതരാണെന്നും പ്രദേശികതല അന്വേഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൊല്ലം-കുളത്തൂപ്പുഴ-തിങ്കൾക്കരിക്കകം വില്ലേജിലെ അരിപ്പ സമരഭൂമിയിൽ മേൽകൈവശങ്ങൾ കൂടാതെ പ്രസ്തുത ഭൂമിയോട് അതിർത്തി പങ്കിടുന്നതും ചിതറ വില്ലേജിൽ ബ്ലോക്കിൽ 54 റീസർവെ 86/1 ഉൾപ്പെട്ടതുമായ ബി.ടി.ആർ. പ്രകാരം റിസർവ് വനമെന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ അരിപ്പ സമരത്തിൽ പങ്കെടുക്കുന്നവർ കുടിൽകെട്ടി താമസിച്ചുവരുന്നതും ഇത്തരത്തിൽ

താമസിച്ചുവരുന്ന 17 പേരുടെ വിവരശേഖരണം കൊല്ലം ജില്ലാ കളക്ടർ നടത്തിയിട്ടുള്ളതുമാണ്. ഇവരിൽ 11 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും 6 പേർ ഇതര വിഭാഗത്തിൽപ്പെട്ടവരുമാണ്. 14-11-2024-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. പ്രാഥമിക വിവരശേഖരണത്തിൽ ഉൾപ്പെട്ടവരുടെ വരുമാനം, അവർക്ക് വേറെ ഭൂമിയുണ്ടോ എന്നിങ്ങനെയുള്ള വിവരങ്ങൾ ശേഖരിച്ചശേഷം ഭൂമി ലഭിക്കാൻ അർഹതയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഒരു ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഭൂമി നൽകുന്നത് നിബന്ധനയുടെ ഭാഗം മാത്രമായിട്ടാണ്. അതുപോലെ പ്രാദേശിക വിവരശേഖരണത്തിൽ ഉൾപ്പെടാതെപോയ അർഹരായ ആളുകളുണ്ടോയെന്നും പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ എത്രയുംപെട്ടെന്ന് അന്തിമപട്ടിക തയ്യാറാക്കി അരിപ്പ ഭൂസമര ഭൂമിയിൽ നിലവിൽ ലഭ്യമായ 51.74 ഏക്കർ ഭൂമി വിവിധ വിഭാഗത്തിൽപ്പെട്ട അർഹരായ കൈവശക്കാർക്ക് ഈ വർഷംതന്നെ പട്ടയം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഇതുവരെയുള്ള

പ്രവർത്തനങ്ങൾ വിലയിരുത്താനും തുടർ നടപടികൾ സ്വീകരിക്കാനും ഈ വരുന്ന 17-ാം തീയതി റവന്യൂ വകുപ്പുമന്ത്രിയുടെ ചേംബറിൽവച്ച് ഒരു യോഗംകൂടി ഇതിന്റെ തുടർച്ചയായി ചേരാൻ തീരുമാനിച്ചിട്ടുണ്ട്. യോഗങ്ങൾ ആ വിധത്തിൽ തുടർച്ചയായി ചേരുകയും എത്രയുംപെട്ടെന്ന് പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(2) <u>കേരള ഓട്ടോമൊബൈൽസ് ആധുനികവൽകരണവും കുളത്തൂർ പവർലൂം സ്ഥലത്ത് പുതിയ പദ്ധതിയും</u>

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നെയ്യാറ്റിൻകരയിലെ രണ്ട് പൊതുമേഖല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ ഇരുപതുവർഷക്കാലമായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടി ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും ഒട്ടനവധി ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നുള്ളത് മറക്കുന്നില്ല. നിലവിൽ ഗ്രാറ്റുവിറ്റി 5 കോടി 31 ലക്ഷം രൂപയും ഇ.പി.എഫ്. 7 കോടി 30 ലക്ഷം രൂപയും ബാധ്യതയാണ്. അങ്ങനെ ആകെ 12.61 കോടി രൂപയാണ് ബാധ്യതയായി

നിൽക്കുന്നത്. ഗവൺമെന്റ് ഇപ്പോൾ 3 കോടി രൂപ നൽകി സഹായിച്ചു. പക്ഷേ അവിടെ ഇ.പി.എഫ്. ലഭിക്കാനുള്ളവരും അതുപോലെ പെൻഷൻകാരുമെല്ലാം നൽകിയ വിവിധ കേസുകളുമായി ബന്ധപ്പെട്ട് ആ തുകയൊന്നുംതന്നെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് കൈകാര്യം ചെയ്യാൻ സാധിക്കാത്ത രൂപത്തിൽ ട്രഷറിയടക്കം ബാൻ ചെയ്യുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ എത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തരമായ ഇടപെടലുണ്ടാകണം. മുൻകാലത്തെടുത്ത ഒരു എസ്.ബി.ഐ. ലോൺ എൻ.പി.എ. ആകുകയും അത് ഏകദേശം 4 കോടി രൂപയിലധികമായി സെറ്റിൽമെന്റ് ചെയ്തതിന്റെ ബാധ്യതയും നിലനിൽക്കുന്നുണ്ട്. ഈ സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റുതലത്തിൽ ബാങ്കുകളുടെ കൺസോർഷ്യമോ മറ്റോ രൂപപ്പെടുത്തി ലോണുകളും പെൻഷൻ ബാധ്യതയുമെല്ലാം തീർത്തുകഴിഞ്ഞാൽ അവിടെ ഒരു വലിയ മോചനമുണ്ടാകും. 6 മാസത്തിലേറെയായി അവിടത്തെ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്തൊരു അവസ്ഥയുണ്ട്. ഉൽപാദനരംഗത്തേയ്ക്ക് കടക്കാൻ സാധിക്കുന്ന രൂപത്തിൽ നിലവിൽ ഇ-കാർട്ട്

ഓട്ടോയുടെ പുതിയൊരു മോഡൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 951 ഗ്രാമപഞ്ചായത്തുകളും അതുപോലെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമെല്ലാം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ഒരു ടൈഅപ്പുണ്ടാക്കിയാൽ ആയിരക്കണക്കിന് വാഹനങ്ങൾ കെ.എ.എൽ.-ൽനിന്നും വില്പന നടത്താൻ സാധിക്കും. അക്കാര്യത്തിൽ ഒരു ഇടപെടലുണ്ടാകണം. അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സത്വരമായി ഒരു നിലപാട് സ്വീകരിക്കണം. ആ പൊതുമേഖലാ സ്ഥാപനത്തെയും അവിടത്തെ തൊഴിലാളികളെയും സംരക്ഷിക്കാൻ ഗവൺമെന്റ് ഇപ്പോൾ നിലപാടുകൾ സ്വീകരിക്കുന്നുണ്ട്.

പൊഴിയൂർ വ്യാജമദ്യദുരന്തവുമായി ബന്ധപ്പെട്ടവരുടെ പുനരധിവാസത്തിനായി സ്ഥാപിച്ച മറ്റൊരു സ്ഥാപനമാണ് കുളത്തൂർ പവർലൂം. ആ പവർലൂമിന്റെ പ്രവർത്തനവും ഇപ്പോൾ നിരാശാജനകമാണ്. ഏകദേശം 14 ഏക്കറിലധികം ഭൂമിയുള്ളൊരു പ്രദേശമാണിത്. വകുപ്പും അവിടത്തെ ഭരണസമിതിയും കുറച്ച് ഇടപെടലുകൾ നടത്തിയതിന്റെ ഭാഗമായി ടി സ്ഥാപനം വീണ്ടും പ്രവർത്തനം ആരംഭിച്ചുവെങ്കിലും അവിടത്തെ കെട്ടിടങ്ങളുടെ

സുരക്ഷിതത്വമില്ലായ്മയും മഴക്കാലവും മറ്റുംകാരണം പവർലൂമിന്റെ പ്രവർത്തനം ഇടയ്ക്കുവച്ച് നിലച്ചു. വിഴിഞ്ഞവുമായി വളരെ അടുത്ത് കിടക്കുന്നതിനാൽ വലിയ സാധ്യതയുള്ളൊരു പ്രദേശമാണിത്. ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കുകയും ഇതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക യോഗം ചേരുകയും ചെയ്തുകൊണ്ട് ആ സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം അഭ്യർഥിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കഴിഞ്ഞ കുറേ വർഷങ്ങളായി പ്രതിസന്ധിയിലുള്ള സ്ഥാപനമാണ് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്. വർഷങ്ങൾക്കുമുമ്പ് കൊടുക്കേണ്ട ഇ.പി.എഫ്.-ഉം ഗ്രാറ്റുവിറ്റി വിഹിതങ്ങൾപോലും അടയ്ക്കാത്തതിന്റെ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ടി സ്ഥാപനം ഉൽപാദനംതന്നെ നിലച്ച അവസ്ഥയിലായിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ ആധുനികവൽകരണത്തിന്റെ ഭാഗമായി ഇലക്ട്രിക്ക് ഓട്ടോ നിർമ്മിക്കുന്നതിനുള്ള എ.ആർ.എ.ഐ. സർട്ടിഫിക്കറ്റ് നേടുകയും അവ നിർമ്മിച്ച് വിപണിയിൽ

എത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇ-കാർട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി പ്രോജക്ടുമായി ബന്ധപ്പെട്ട് ഇലക്ട്രിക് ഓട്ടോ വിതരണം ചെയ്തിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് ജില്ലാ പഞ്ചായത്തിന്റെ ഒരു പദ്ധതിയും അവർക്ക് ലഭിച്ചിട്ടുണ്ട്. അതിന് അനുമതി നൽകിയിട്ടില്ല. അതിനുള്ള അനുമതി ലഭിക്കുകയാണെങ്കിൽ അതും ആ രൂപത്തിൽ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ലോഡ്സ് ഓട്ടോമാറ്റിക് പ്രൈവറ്റ് ലിമിറ്റ് (എൽ.എ.പി.എൽ.)-യുമായി ജോയിന്റ് വെഞ്ച്വർ ഒപ്പുവച്ചിരുന്നു. അതിന്റെ ഭാഗമായി ഇ-സ്കൂട്ടർ നിർമ്മാണത്തിലേയ്ക്ക് ഇപ്പോൾ കടക്കാൻ പോകുകയാണ്. ആദ്യമായി ഗവൺമെന്റ് ഈ പൊതുമേഖല സ്ഥാപനങ്ങളിൽ രണ്ടുകാര്യങ്ങൾ ചെയ്യുകയുണ്ടായി. അതിൽ ഒന്ന്, തുടർച്ചയായ കുറേ വർഷങ്ങളായുള്ള ഇലക്ട്രിസിറ്റി കുടിശ്ശിക പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കുകയുണ്ടായി. അതോടൊപ്പം ആദ്യമായി സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് അടയ്ക്കുന്നതിന് പ്രത്യേകമായ സഹായം ഇത്തരം സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. ഏകദേശം 10-20 വർഷക്കാലമായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

അടയ്ക്കേണ്ടതായിട്ടുള്ള ആ ഡ്യൂസ് അടയ്ക്കുന്നതിന് ഒരു സഹായമെന്ന നിലയിൽ ഇപ്പോൾ ഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. നേരത്തെ അവർ എടുത്ത വായ്പ എൻ.പി.എ. ആയെന്നാണ് നേരത്തെ ഇവിടെ പറഞ്ഞത്. അതിനുവേണ്ടി 1.36 കോടി രൂപ നൽകി. ഈ ഗവൺമെന്റ് വന്നതിനുശേഷം 16.59 കോടി രൂപ പ്രവർത്തന മൂലധനമായി കമ്പനിക്ക് നൽകിയിട്ടുണ്ട്. 3 കോടി രൂപ സ്റ്റാറ്റ്യൂട്ടറി ഡ്യൂസിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ ബജറ്റിൽ 5 കോടി രൂപ ഇപ്പോൾ വകയിരുത്തിയിട്ടുണ്ട്. ഇത്രയും സഹായം ഈ കമ്പനിക്ക് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. എങ്കിലും കുറച്ചുകൂടി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് കമ്പനി മാറേണ്ടതുണ്ട്. ഒരു ഉടച്ചുവാർക്കൽ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിനെ സംബന്ധിച്ച് ആവശ്യമാണ്. കുളത്തൂർ പവർലൂം-ഉം ഇതുപോലെ കുറേക്കാലമായി പ്രതിസന്ധിയുള്ള ഒരു സ്ഥാപനമാണ്. അധികഭൂമിയിൽ 10 ഏക്കർ സ്ഥലം വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(3)പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് പുതിയ കെട്ടിടം

ശ്രീ. കെ. പി. എ. മജീദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനം നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനുമാവശ്യമായ പണം ലഭ്യമാക്കുന്നതിനുവേണ്ടി നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനത്തിന് പതിനഞ്ച് ഏക്കർ ഭൂമി നെഗോഷ്യബിൾ പർച്ചേസുവഴി ഏറ്റെടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമാവശ്യമായ പണം അനുവദിക്കേണ്ടതുണ്ട്. അപ്ലൈഡ് സയൻസസ് കോളേജ്, എഞ്ചിനീയറിങ് കോളേജ്, പോളിടെക്നിക് കോളേജ്, എൽ.ബി.എസ്.-ന്റെ പി.ജി.ഡി.സി.എ., മൾട്ടി മീഡിയ അടക്കമുള്ള വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾപ്പെടുന്നുണ്ട്. ഇതിൽ അപ്ലൈഡ് സയൻസ് കോളേജിൽനിന്നും വിജയകരമായി പഠനം പൂർത്തീകരിച്ച ആദ്യ ബാച്ച്

അഞ്ചുവർഷം മുമ്പ് പുറത്തിറങ്ങി. കമ്പ്യൂട്ടർ കോഴ്സുകൾ നല്ലരീതിയിൽ നടക്കുന്നുണ്ട്. സ്ഥലപരിമിതികാരണം എഞ്ചിനീയറിങ് കോളേജും പോളിടെക്നിക് കോളേജും ആരംഭിക്കാൻ സാധിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ ഒരു ഗവൺമെന്റ് എഞ്ചിനിയറിങ് കോളേജില്ലെന്നുള്ളതും ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. സ്ഥലം കൈമാറുന്നതിന് സ്ഥലം ഉടമകൾ മലപ്പുറം ജില്ലാ കളക്ടറുമായി ധാരാണാപത്രം ഒപ്പുവയ്ക്കുകയും ജില്ലാ കളക്ടറുടെ നിർദേശപ്രകാരം റവന്യൂ വകുപ്പ് സ്ഥലം അളന്നുതിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഉടമകൾക്ക് പണം നൽകുന്ന നടപടിയാണ് ബാക്കിയുള്ളത്. ഇതുസംബന്ധിച്ച ഫയൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കൈയിലുണ്ട്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക ഇനത്തിൽ വലിയ തുക സർക്കാരിന് ബാധ്യത വരുന്നുണ്ട്. മാത്രമല്ല, കുറച്ചുവർഷങ്ങൾക്കുമുമ്പ് സ്ഥലം ഏറ്റെടുത്ത് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുകയേക്കാൾ കൂടുതൽ തുക വാടക ഇനത്തിൽ വരും. ഇനിയും വൈകിയാൽ ഈ തുകയ്ക്ക് സ്ഥലം കൈമാറാൻ സ്ഥലം ഉടമകൾ തയ്യാറാവാത്ത അവസ്ഥയും വരും. കഴിഞ്ഞ യു.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് ഈ സ്ഥാപനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുംവേണ്ടി 130 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും അതിൽ ഒരു കോടി രൂപ അടിയന്തര ആവശ്യങ്ങൾക്കായി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീടുവന്ന ഗവൺമെന്റ് ബാക്കി തുക നൽകുന്ന കാര്യത്തിൽ ആവശ്യമായ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്ന് 2013-ലാണ് സർക്കാർ പ്രഖ്യാപിച്ചത്. ഈ പദ്ധതിക്കുള്ള ഭൂമി വാങ്ങുന്നതിന് ഏകദേശം 20 കോടി രൂപയും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി മൂന്നുകോടി രൂപയും ചെലവ് കണക്കാക്കിയിരുന്നു. നിലവിൽ ഈ സ്ഥാപനത്തിന്റെ ഭാഗമായ മോഡൽ ഡിഗ്രി കോളേജ്, അപ്ലൈഡ് സയൻസസ്, എൽ.ബി.എസ്.

സബ്സെന്റർ, ക്യാമ്പ് ഓഫീസ് എന്നിവ 2016 മുതൽ പ്രവർത്തിച്ചുവരികയാണ്. 15.25 ഏക്കർ സ്ഥലം ആദ്യഘട്ടമായി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നുണ്ട്. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കാൻ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾക്ക് കാലതാമസമുണ്ടാകാതിരിക്കാൻ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ് ഉചിതമെന്ന് സർക്കാർ എൽ.ബി.എസ്. സെന്ററിനെ കത്ത് മുഖേന അറിയിച്ചിരുന്നു. എന്നാൽ കോവിഡും തുടർന്നുണ്ടായ സാമ്പത്തിക പരിമിതിയും കാരണം ഫണ്ട് അനുവദിക്കുന്നതിന് തടസം നേരിട്ടു. തുടക്കത്തിൽ 130 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നിലവിൽ 156.62 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് സാമാന്യം വലിയൊരു തുകയായതിനാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരപ്പനങ്ങാടി എൽ.ബി.എസ്.

ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(4) ഒറ്റപ്പാലം പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ്

ശ്രീ. കെ. പ്രേംകുമാർ: സർ, 2023-24 വർഷത്തിൽ ബജറ്റിൽ രണ്ടുകോടി രൂപ വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം നഗരസഭയിലെ പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡിന്റെ പ്രവൃത്തിയുടെ ഭരണാനുമതി വേഗതയിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പ്രതിദിനം ആയിരക്കണക്കിന് യാത്രക്കാർ സഞ്ചരിക്കുന്ന ഒറ്റപ്പാലത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഗ്രാമീണ റോഡാണ് കേന്ദ്രീയ വിദ്യാലയം റോഡ്. ഇത് എൽ.എസ്.ജി.ഡി.-യുടെ അധീനതയിലുള്ള റോഡായതുകൊണ്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിന് പ്രയാസമുണ്ടെന്ന് അറിയിച്ചതിന്റെ ഭാഗമായി പി എം സി വ്യവസ്ഥയിൽ ഈ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 11-7-2023-ന് എൽ.എസ്.ജി.ഡി.

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇപ്പോഴത് എ.എസ്. ആകുന്നതിന് ആവശ്യമായിട്ടുള്ള ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. ഈ പ്രദേശത്തെ ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണിത്. ഈ പ്രവൃത്തി നഷ്ടപ്പെട്ടുവെന്ന നിലയിൽ വരെയുള്ള പ്രചാരണങ്ങൾ നടക്കുന്നൊരു സമയം കൂടിയാണ്. പാടെ തകർന്നുപോയ ആ റോഡ് വേഗതയിൽ, ഈ കാലാവസ്ഥയിൽത്തന്നെ പണി തുടങ്ങുന്നതിനാവശ്യമായുള്ള നടപടിക്ക് എൽ.എസ്.ജി.ഡി. നേതൃത്വം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 2023-24 ബജറ്റ് പ്രൊപ്പോസൽ വാല്യം 2 ക്രമനമ്പർ 872 ആയി ഉൾപ്പെട്ടിട്ടുള്ള പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാറപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് നവീകരണമെന്ന പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിങ്

വിഭാഗമുള്ളതിനാൽ ടി എഞ്ചിനീയറിങ് വിഭാഗം മുഖേന പ്രവൃത്തികൾ ചെയ്താൽ സെന്റേജ് ചാർജ് സർക്കാരിന് ലാഭിക്കാമെന്നും നിലവിലെ പ്രവൃത്തിക്ക് KEL ആവശ്യപ്പെട്ടിരിക്കുന്ന സെന്റേജ് ചാർജ് 5.3 ശതമാനം എന്നത് 28-4-2021-ലെ ഉത്തരവ് ഖണ്ഡിക 7 പ്രകാരം അനുവദനീയമല്ലാത്തതിനാൽ ടി പ്രവൃത്തി KEL മുഖേന നടത്താൻ തീരുമാനിക്കുകയാണെങ്കിൽ ടി ഉത്തരവ് പ്രകാരം സെന്റേജ് ചാർജ് പുനഃപരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 27-2-2025-ലെ കത്ത് പ്രകാരം നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയലിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(5) <u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് നിയമനം</u>

<u>ശ്രീ. വി. ജോയി:</u> സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ കൂട്ടത്തിലാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

വരുന്നത്. ഇപ്പോൾ കേരളത്തിലെ ഭൂരിപക്ഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായിരുന്നപ്പോൾ ഉച്ചവരെയാണ് ഒ.പി. ഉണ്ടായിരുന്നത്. അപ്പോൾ ചുരുക്കം ചില സ്ഥലങ്ങളിൽ ലാബും ഇതിനോടൊപ്പം പ്രവർത്തിച്ചിരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറിയതോടെ ഭൂരിപക്ഷം ആശുപത്രികളിലും ഇപ്പോൾ ലാബ് സൗകര്യം ലഭ്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ പുറത്ത് ലാബിൽ പോകുന്നതിനേക്കാൾ ആശുപത്രികളോടനുബന്ധിച്ചുള്ള ലാബിൽ പോകുന്നതാണ് ലാഭകരമായിട്ടുള്ളത്. ആശുപത്രികളാണെങ്കിൽ നന്നായി പ്രവർത്തിക്കുന്നുമുണ്ട്. ഒ.പി.-കളുടെ എണ്ണവും കൂടുന്നുണ്ട്. നേരത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു ഡോക്ടറേയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫിനേയും താൽക്കാലികമായി നിയമിക്കാമായിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് 2023-ലെ ഡി.എ. 1363-ാം നമ്പർ ഉത്തരവ് പ്രകാരം അതിനെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. കുടുംബാരോഗ്യ കേന്ദ്രം/പ്രൈമറി ഹെൽത്ത് സെന്റർ ഡോക്ടർ-1, പാരാമെഡിക്കൽ സ്റ്റാഫ്-1 എന്ന നിലയിലാണത്. സ്വാഭാവികമായും നേരത്തെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ ലാബ് ടെക്നീഷ്യൻമാരായും ഫാർമസിസ്റ്റായും ആളുകളെ നിയമിച്ചിരുന്നു. അപ്പോൾ പ്രശ്നങ്ങളൊന്നുമില്ലാതെ കാര്യങ്ങൾ നടന്നുവന്നിരുന്നു. പക്ഷെ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത് ഒന്നായി പരിമിതപ്പെടുത്തിയപ്പോൾ പല സ്ഥാപനങ്ങളിലും ലാബുകൾക്ക് പ്രവർത്തിക്കാൻ സാധിക്കാത്തൊരു സാഹചര്യം നിലനിൽക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ 68 ഗ്രാമപഞ്ചായത്തുകൾ ഇത് വർധിപ്പിച്ചുകൊടുക്കണം അല്ലെങ്കിൽ പഴയ ഉത്തരവ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരിക്കുകയാണ്. വർക്കലയിലെ FHC-കളെ സംബന്ധിച്ച ഒരു കത്ത് ചർച്ച ചെയ്യപ്പെടുകയും 9-6-2024-ൽ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് നൽകുകയും ചെയ്തിരുന്നു. 2024-ൽ നൽകിയ അതിന്മേൽ ഇതുവരെയുമൊരു ഉത്തരവ് ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ പതിയണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണമുണ്ടെങ്കിൽ താൽക്കാലികമായി സ്റ്റാഫിനെ നിയമിക്കാനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ആരോഗ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഗൈഡ്‍ലൈനിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കുന്നത് ആരോഗ്യ വകുപ്പാണ്. ഇപ്രകാരം ആരോഗ്യ വകുപ്പ് നിയമിച്ചിട്ടുള്ള സ്റ്റാഫിനുപരിയായി ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയോഗിക്കുന്നതിന് 28-5-2022-ലെ 115/2022/തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ഉത്തരവിലെ മാർഗനിർദേശങ്ങൾ ഖണ്ഡിക 7.6.2 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവായിരുന്നു. എന്നാൽ പാരാമെഡിക്കൽ സേവനം നൽകുന്നതിന് എത്രപേരെ നിയോഗിക്കാമെന്ന കാര്യത്തിൽ വ്യക്തത ആവശ്യമുണ്ടെന്ന് വിവിധ തലങ്ങളിൽനിന്നും

ഉയർന്നുവന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്ത് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെകൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25-10-2023-ലെ ഡി.എ.1/363/2023/തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ സർക്കുലർ പ്രകാരം സർക്കാർ വിശദീകരണം നൽകുകയുണ്ടായി. അതുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ നിയമിക്കാവുന്ന ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം രണ്ട് വീതവും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിയോഗിക്കാവുന്ന ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം ഒന്നുവീതവുമാണ്. പാരാമെഡിക്കൽ സ്റ്റാഫിനെ സംബന്ധിച്ച് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഏത് വിഭാഗക്കാരെ നിയോഗിക്കണമെന്ന് മെഡിക്കൽ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാവുന്നതാണ്. അധികമായി നിയമിക്കാവുന്ന സ്റ്റാഫിന്റെ കാര്യത്തിൽ സബ്സിഡി മാർഗരേഖപ്രകാരം അനുവദിച്ചിരുന്ന എണ്ണത്തിൽ

പിന്നീട് പുറപ്പെടുവിച്ച സർക്കുലർപ്രകാരം കുറവുവരുത്തിയിട്ടില്ല. അതായത് സബ്സിഡി മാർഗരേഖപ്രകാരം എത്രയാണോ അനുവദിച്ചത് അതിൽ കുറവുവരുത്തിയിട്ടില്ല. കൂടാതെ, പ്രത്യേക പരിഗണന നൽകേണ്ട പ്രദേശങ്ങളിൽ ജനസംഖ്യ, ഒ.പി./ഐ.പി. രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുന്നപക്ഷം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ആരോഗ്യകേന്ദ്രങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കാവുന്നതുമാണ്. അതായത് 'നിബന്ധനകളോടുകൂടി' ആകാമെന്നാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുന്ന കേസുകളിൽ നിബന്ധനയോടുകൂടി ആകാം. മേൽപ്പറഞ്ഞ പ്രത്യേക പരിഗണന ആവശ്യമുള്ള സ്ഥലങ്ങളിലാണ് ഫൂട്ട്ഫാൾ കണക്കിലെടുത്താണ് ഇത് ചെയ്യുന്നത്. ഇതുപ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുള്ള ഒരു പട്ടിക കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനയിലാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്......

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഇത് പ്രധാനപ്പെട്ട സബ്മിഷനായതു കൊണ്ടാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിക്കുന്നത്. ഇതുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനവധി മേഖലകളിലായി നിരവധി ചുമതലകൾ കൈമാറിയിട്ടുണ്ട്. ആക്റ്റ് പ്രകാരം 27 അനിവാര്യ ചുമതലകളും 14 പൊതുവായ ചുമതലകളും പൊതുജനാരോഗ്യവും ശുചീകരണവുമുൾപ്പെടെ 19 മേഖലകളിലായി 76 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും ഗ്രാമ പഞ്ചായത്തുകൾ നിർവഹിക്കേണ്ടതുണ്ട്. നഗരസഭകളുടെ കാര്യത്തിലും 30 അനിവാര്യ ചുമതലകളും 14 പൊതു ചുമതലകളും പൊതുജനാരോഗ്യവും ശുചീകരണവുമുൾപ്പെടെ 19 മേഖലകളിലായി 106 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും നിർവഹിക്കേണ്ടതുണ്ട്. ഈ ചുമതലകൾ നിറവേറ്റുന്നതിനാണ് സർക്കാർ വികസന ഫണ്ട് നൽകുന്നത്. മേൽപ്പറഞ്ഞവ കൂടാതെ സർക്കാർ കാലാകാലങ്ങളിൽ അധികമായി ഏൽപ്പിക്കുന്ന ചുമതലകളുമുണ്ട്. തങ്ങളുടെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്ല രീതിയിൽ വിഹിതം

വകയിരുത്തുന്നുണ്ട്. ശമ്പളവും ഓണറേറിയവും നൽകുന്നതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന ചെലവ് ഭാരിച്ചതാണ്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവുപ്രകാരം നിലവിൽ അനുവദനീയമായ ഡോക്ടർമാർ, ജീവനക്കാർ എന്നിവരുടെ സേവനം മാത്രമാണ് ഉറപ്പുവരുത്താനാവുക.

(6) വടക്കാഞ്ചേരി ചരൽ പറമ്പ് ഫ്ലാറ്റ് നിർമ്മാണം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ലൈഫ് മിഷന്റെ ഭാഗമായി സ്വന്തമായി വീടും ഭൂമിയുമില്ലാത്ത 140 കുടുംബങ്ങൾക്കായി വടക്കാഞ്ചേരി നഗരസഭയിലെ ചരൽ പറമ്പിൽ നിർമ്മാണമാരംഭിച്ച ഫ്ലാറ്റ് സമുച്ചയത്തിന്റെയും ആശുപത്രിയുടെയും നിർമ്മാണം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തലപ്പിള്ളി താലൂക്കിൽപ്പെട്ട വടക്കാഞ്ചേരി നഗരസഭയിലെ 1.3 ഹെക്ടർ റവന്യൂ ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണവും റവന്യൂ വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് വടക്കാഞ്ചേരി നഗരസഭയ്ക്ക് കൈമാറുകയും ടി ഭൂമിയിൽ 140 വീടുകളും ആശുപത്രി കെട്ടിടവും ചേർന്ന സമുച്ചയം നിർമ്മിച്ച് ലൈഫ്

മിഷന് കൈമാറുന്നതിനായി യു.എ.ഇ. റെഡ് ക്രസന്റുമായി ധാരണയിലെത്തിയിരുന്നു. പ്രളയാനന്തര പുനർനിർമ്മാണത്തിന് സഹായവുമായി സമീപിച്ച നിരവധി ഏജൻസികളിലൊന്നായിരുന്നു യു.എ.ഇ. റെഡ് ക്രസന്റ്. ഫ്ലാറ്റും ആശുപത്രിയും നിർമ്മിക്കുന്നതിന് യു.എ.ഇ. റെഡ് ക്രസന്റും നിർമ്മാണ ഏജൻസികളുമായാണ് കരാറുണ്ടാക്കിയിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഫ്ലാറ്റ് സമുച്ചയത്തിന്റെയും ആശുപത്രിയുടെയും നിർമ്മാണം പുരോഗമിക്കവെയാണ് അന്നത്തെ വടക്കാഞ്ചേരി എം.എൽ.എ. പദ്ധതികളിൽ ചില ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് സി.ബി.ഐ.-ക്ക് പരാതി നൽകിയത്. ആരോപണങ്ങളുടെയും പരാതികളുടെയും മാധ്യമ വാർത്തകളുടെയും വ്യവഹാരങ്ങളുടെയും സാഹചര്യത്തിൽ കരാറുകാരൻ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. ടി പ്രദേശം ഇപ്പോൾ കാട് കയറിക്കിടക്കുകയാണ്. നിർമ്മിച്ച കെട്ടിടങ്ങളുടെ സാങ്കേതികക്ഷമത പരിശോധിച്ചതിന്റെ ഭാഗമായി നിർമ്മാണത്തിൽ പ്രശ്നങ്ങളില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കെട്ടിടങ്ങൾ ബലക്ഷമതയോടുതന്നെ നിലനിൽക്കുന്നു. ആയതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വ്യവഹാര നടപടികൾ

വേഗത്തിൽ അവസാനിപ്പിക്കുകയും ഫ്ലാറ്റ് സമുച്ചയത്തിന്റെയും ആശുപത്രിയുടെയും പൂർത്തീകരണത്തിനുള്ള തുക ലൈഫ് മിഷനോ സർക്കാരോ കണ്ടെത്തിക്കൊണ്ട് അപ്രോച്ച് റോഡ്, കുടിവെള്ളത്തിനായുള്ള വാട്ടർ ടാങ്ക്, വൈദ്യുതി ലഭ്യത, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയിലെ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2.17 ഏക്കർ സ്ഥലം ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിനായി 13-07-2017-ലെ സർക്കാർ ഉത്തരവ് 229/2017 പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി വടക്കാഞ്ചേരി നഗരസഭയ്ക്ക് കൈമാറിയിരുന്നു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കും വീടില്ലാത്തവർക്കും വീടുവച്ച് നൽകുന്നത് സംബന്ധിച്ച് യു.എ.ഇ. റെഡ് ക്രസന്റ് അതോറിറ്റി എന്ന സന്നദ്ധ സംഘടനയുമായി ലൈഫ് മിഷൻ 11-07-2019-ൽ ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതിന്റെ തുടർച്ചയായി

യു.എ.ഇ. റെഡ് ക്രസന്റ് അതോറിറ്റി ഏർപ്പെടുത്തിയ M/s യൂണിടെക് ലിമിറ്റഡ് മേൽപ്പറഞ്ഞ സ്ഥലത്ത് ഭവന സമുച്ചയ നിർമ്മാണം ആരംഭിക്കുകയുണ്ടായി. നിർമ്മാണം പുരോഗമിക്കവെ കോവിഡ്-19 നിയന്ത്രണങ്ങൾ കാരണം 2020 മാർച്ച് മാസം മുതൽ നിർമ്മാണം തടസ്സപ്പെട്ടു. കോവിഡ്-19 നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് നടന്നുവരവെ ഇതുമായി ബന്ധപ്പെട്ട് അന്നത്തെ വടക്കാഞ്ചേരി എം.എൽ.എ. ഉൾപ്പെടെയുള്ളവരുടെ പരാതിയുണ്ടായി. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സി.ബി.ഐ., എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, വിജിലൻസ് വകുപ്പ് തുടങ്ങിയ ഏജൻസികൾ അന്വേഷണം ആരംഭിക്കുകയും ചെയ്തതിനെത്തുടർന്ന് 27-09-2020-ൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയാണെന്ന് M/s യൂണിടെക് ലിമിറ്റഡ് ഇ-മെയിൽ മുഖേന ലൈഫ് മിഷനെ അറിയിക്കുകയും ചെയ്തു. അതിനുശേഷം നിർമ്മാണം പുനരാരംഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കേസുകളിൽ നാളിതുവരെ അന്തിമ തീരുമാനമുണ്ടായിട്ടുമില്ല. ഇതോടനുബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു വിദഗ്ധ സാങ്കേതിക സമിതിയെ പ്രസ്തുത പ്രവൃത്തിയുടെ

സാങ്കേതികക്ഷമത പരിശോധിക്കുന്നതിനായി നിയോഗിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ, എറണാകുളം; ഡെപ്യൂട്ടി സൂപ്രണ്ടിങ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (ബിൽഡിങ്) സെൻട്രൽ സർക്കിൾ, തൃശ്ശൂർ; തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിലെ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർ എന്നിവരുൾപ്പെട്ട സമിതിയെയാണ് നിയോഗിച്ചത്. ഇതുസംബന്ധിച്ച് തുടർ നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു. നിയമവശങ്ങൾകൂടി പരിശോധിച്ച് മുടങ്ങിയ ഫ്ലാറ്റ് നിർമ്മാണം എത്രയുംവേഗം പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(7) <u>മഞ്ചേശ്വരത്തെ കാർഷിക പോളിടെക്നിക്</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കേരള കാർഷിക സർവകലാശാല മഞ്ചേശ്വരം വിജ്ഞാന പരിശീലന കേന്ദ്രത്തിൽ അഗ്രികൾച്ചർ പോളിടെക്നിക് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിന്റെ വടക്കേയറ്റത്ത് മഞ്ചേശ്വരം

നിയോജകമണ്ഡലത്തിലെ വോർക്കാടി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാലയുടെ ഒരു സ്ഥാപനമാണ് ഇ.ടി.സി. (Extension Training Centre അഥവാ വിജ്ഞാന പരിശീലന കേന്ദ്രം). 16 ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിൽ നിലവിൽ കർഷകർക്ക് വിവിധ കൃഷി രീതികളെക്കുറിച്ചുള്ള പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ അഗ്രികൾച്ചർ പോളിടെക്നിക് ഡിപ്ലോമ കോഴ്സ് ആരംഭിച്ചാൽ വടക്കൻ കേരളത്തിലെ കർഷകർക്കും വിദ്യാർത്ഥികൾക്കും വളരെ പ്രയോജനകരമാകും. കാർഷിക മേഖലയിലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ് അഗ്രി പോളിടെക്നിക് ഡിപ്ലോമ കോഴ്സ്. ഈ കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ, യന്ത്രവൽക്കരണം, പ്രിസിഷൻ ഫാമിങ്, ജലസേചനം, വിള പരിശീലനം, മണ്ണ് പരിപാലനം, വിളവെടുപ്പ്, സംഭരണം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നേടാൻ സാധിക്കും. കൃഷിയിലെ പുതിയ രീതികളെക്കുറിച്ചും സാങ്കേതികവിദ്യകളെക്കുറിച്ചുമുള്ള ആഴത്തിലുള്ള അറിവ് നൽകുന്ന ഈ കോഴ്സ് പ്രായോഗിക പരിശീലനത്തിന് മുൻഗണന

നൽകുന്നു. ഈ കോഴ്സ് പൂർത്തിയാകുന്നതോടെ കൃഷി വകുപ്പ്, സ്വകാര്യഫാമുകൾ, അഗ്രി ബിസിനസ് സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനോടൊപ്പം ബിരുദപഠനത്തിനും സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവസരങ്ങൾ ലഭിക്കുന്നു. ആധുനിക കൃഷിരീതികൾക്ക് പ്രാധാന്യമേറുന്ന കാലഘട്ടത്തിൽ പ്രസ്തുത കോഴ്സ് കാർഷിക മേഖലയിൽ പുതിയ വെല്ലുവിളികൾ നേരിടാൻ വിദ്യാർഥികളെ പ്രാപ്തമാക്കുന്നു. സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ഈ കോഴ്സ് കാർഷിക മേഖലയിലെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ സഹായിക്കും. നിലവിൽ പ്രസ്തുത കോഴ്സ് പഠിക്കാൻ ആഗ്രഹിക്കുന്ന ഉത്തര കേരളത്തിലെ വിദ്യാർഥികൾ ഹൈദരാബാദിലെ ആചാര്യ എൻ. ജി. രംഗ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയെയാണ് ആശ്രയിക്കുന്നത്. കേരള കാർഷിക സർവകലാശാലയ്ക്കുകീഴിൽ ഇത്തരമൊരു കോഴ്സ് നിലവിലില്ലാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളെയാണ് നമ്മുടെ വിദ്യാർഥികൾക്ക് ആശ്രയിക്കേണ്ടിവരുന്നത്. കാർഷിക സർവകലാശാലയുടെ മഞ്ചേശ്വരം ക്യാമ്പസിൽ സെൽഫ് ഫിനാൻസിങ് മോഡലിൽ ഈ കോഴ്സ്

ആരംഭിക്കുന്നതിന് സർക്കാരിന് സാമ്പത്തിക ബാധ്യതയൊന്നുമില്ല. ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. കാസർഗോഡ് വികസന പാക്കേജിൽനിന്ന് 64 ലക്ഷം രൂപയുടെ പദ്ധതി ഇവിടെ നടപ്പാക്കുന്നുണ്ട്. കൂടുതൽ സൗകര്യങ്ങൾക്കായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ 2025-26 വർഷം കാർഷിക സർവകലാശാലയുടെ മഞ്ചേശ്വരം കേന്ദ്രത്തിൽ അഗ്രി പോളിടെക്നിക് ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിന് ആവശ്യമായ നടപടി ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി വിചാരിച്ചാൽ 100 ശതമാനം ആ കോഴ്സ് ആരംഭിക്കാൻ സാധിക്കും. പ്രസ്തുത കോഴ്സ് അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മഞ്ചേശ്വരത്തെ Extension Training Centre (ETC)-ൽ അഗ്രികൾച്ചർ പോളി ടെക്നിക് ഡിപ്ലോമ കോഴ്സ് ആരംഭിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട അംഗം നേരത്തെതന്നെ ഉന്നയിച്ചിരുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ പഠനകാല ഡീനിൽനിന്നും റിപ്പോർട്ട്

തേടുകയുണ്ടായി. ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും മതിയായ അധ്യാപകരും അവിടെയില്ലെന്ന റിപ്പോർട്ടാണ് ലഭിച്ചത്. എന്നാലും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രസ്തുത സ്ഥലമുൾപ്പെടെ സന്ദർശിച്ച് വിശദമായ പഠനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി സർവകലാശാലയുടെ ഡീൻ ഓഫ് ഫാക്കൽറ്റി, അഗ്രികൾച്ചറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മഞ്ചേശ്വരം Extension Training Centre-ൽ നിലവിൽ അമ്പതുപേരെ ഉൾക്കൊള്ളാവുന്ന ഒരു ട്രെയിനിങ് ഹാളും ഒരു ട്രെയിനീസ് ഹോസ്റ്റലും മാത്രമാണുള്ളത്. കോഴ്സ് ആരംഭിക്കുന്നതിന് കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ അവിടെ അത്യന്താപേക്ഷിതമാണ്. ബഹുമാന്യനായ എം.എൽ.എ. പറഞ്ഞതുപോലെ കാസർഗോഡ് വികസന പാക്കേജിൽനിന്നും ഇതിനായി പ്രത്യേക ഫണ്ടൊന്നും യൂണിവേഴ്സിറ്റിക്ക് ലഭ്യമായിട്ടില്ല. നിലവിൽ അവിടെയുള്ളത് രണ്ട് ശാസ്ത്രജ്ഞർ മാത്രമാണുള്ളത്. പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഈ കോഴ്സുകളുമായി ബന്ധപ്പെട്ട് രണ്ട് സിലബസ് തയാറാക്കേണ്ടതും സർവകലാശാലയിലെ അക്കാദമിക് കൗൺസിൽ അംഗീകരിക്കേണ്ടതുമുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയാണ്

പോളിടെക്നിക് കോഴ്സ് തുടങ്ങാൻ തടസ്സമായി നിൽക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രാദേശിക വികസനഫണ്ടിൽനിന്നും ഉൾപ്പെടെയുള്ള തുക ലഭ്യമാക്കി അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയാണെങ്കിൽ അനുഭാവപൂർവം ഇക്കാര്യം പരിഗണിക്കുമെന്നുതന്നെ ഉറപ്പുനൽകുന്നു.

(8) മുതലപ്പൊഴി ഹാർബർ തുറമുഖ ഡ്രഡ്ജിങ്

ശ്രീ. വി. ശശി: സർ, മുതലപ്പൊഴി ഹാർബർ തുറമുഖത്തിന്റെ അഴിമുഖം വർഷങ്ങളായി അപകട ഭീഷണിയിലാണ്. മൺസൂൺക്കാലത്ത് യാനങ്ങൾ അപകടത്തിൽപ്പെട്ട് പാറയിലിടിച്ച് അഴിമുഖത്ത് മാത്രം മുപ്പത്തിയൊന്നോളം മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം നിർമ്മാണത്തിനാവശ്യമായ പാറകൊണ്ടുപോകാൻ ലോഡ്ഔട്ട് ഫെസിലിറ്റി നിർമ്മിക്കാൻ 2018-ൽ അദാനിക്ക് അനുവാദം നൽകിയിരുന്നു. അപ്പോഴുണ്ടാക്കിയ കരാർ പ്രകാരം അഴിമുഖത്ത് അഞ്ച് മീറ്റർ ആഴം ഉറപ്പാക്കാനുള്ള ഡ്രഡ്ജിങ് പ്രവൃത്തി അദാനി പോർട്ട് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ അവർ ഇത് പൂർണ്ണമായും

നടപ്പാക്കിയിട്ടില്ല. ഈ വർഷവും മൺസൂൺ സീസൺ മുന്നിൽകണ്ട് ഡ്രഡ്ജിങ് പ്രവൃത്തി നടത്തുന്നതിനായി 2.05 കോടി രൂപയുടെ എസ്റ്റിമേറ്റ് അദാനി പോർട്ടിന് നൽകിയെങ്കിലും നാളിതുവരെ ടി ഫണ്ട് ഹാർബർ എഞ്ചിനീയറിങ് വകുപ്പിന് കൈമാറിയിട്ടില്ലെന്നാണ് അറിയുന്നത്. ഡ്രഡ്ജിങ് പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾ അതീവ ഭീതിയിലാണ്. ഒരു മാസംകൂടി കഴിഞ്ഞാൽ കടൽ പ്രക്ഷുബ്ധമാവുകയും അഴിമുഖത്ത് അപകടകരമായി തിരയിളക്കമുണ്ടാവുകയും വള്ളങ്ങൾ മറിഞ്ഞ് മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടാനുള്ള സാഹചര്യവുമാണ് അവിടെ നിലവിലുള്ളത്. ഈ സാഹചര്യം കണക്കിലെടുത്ത് ഈ ആഴ്ചതന്നെ ഡ്രഡ്ജിങ് പ്രവൃത്തി ആരംഭിക്കണം. മൺസൂൺ കാലത്തിനുമുമ്പുതന്നെ യുദ്ധകാലാടിസ്ഥാനത്തിൽ ടി പ്രവൃത്തി പൂർത്തിയാക്കുകയും വേണം. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ആദ്യംതന്നെ സന്തോഷമുള്ള കാര്യം പറയാൻ ഞാൻ

ആഗ്രഹിക്കുന്നു. ഈ നിയമസഭയിൽ ഒരുപാട് ചർച്ചകൾ നടത്തി ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തിയൊരു വിഷയമായിരുന്നു മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം. ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമായി പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലിന്റെ ഭാഗമായാണ് ടി പദ്ധതി യാഥാർഥ്യമായത്. 177 കോടി രൂപ അനുവദിച്ചുകൊണ്ട് ടെൻഡറായി എന്ന സന്തോഷകരമായ കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. അവിടെ ശാശ്വതമായ അപകടരഹിതമാക്കുന്നതിനെക്കുറിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ 22-10-2022-ൽ CWPRS, Pune-യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യവികസനത്തിനും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള ഗ്രീൻ&ബ്ലൂ പോർട്ട് ഘടകങ്ങൾക്കൂടി ഉൾപ്പെടുത്തിയും ഹാർബർ എഞ്ചിനീയറിങ് വകുപ്പ് 177 കോടി രൂപയുടെ വിശദമായ രൂപരേഖ തയാറാക്കുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടുകൂടി

അതിന്റെ നടപടികൾ പൂർത്തീകരിക്കുകയും അത് ടെൻഡറിലേക്കെത്തിയിരിക്കുകയുമാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അതിന്റെ ഭാഗമായി തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ വർധിപ്പിക്കൽ, പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾ, ഡ്രഡ്ജിങ്, പെരുമാതുറ ഭാഗത്തെ വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ നീളം കൂട്ടൽ, കടമുറികൾ, ലോഡിങ് ഏരിയ, പാർക്കിങ് ഏരിയ എന്നിവയും താഴംപള്ളി ഭാഗത്ത് ഓക്ഷൻ ഹാളിന്റെ നീളം കൂട്ടൽ, ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം, കടമുറികൾ, വിശ്രമമുറികൾ, ലോഡിങ് ഏരിയ, പാർക്കിങ് ഏരിയ, ആന്തരിക റോഡ് എന്നീ ഘടകങ്ങളും വൈദ്യുതീകരണ ജലവിതരണ സംവിധാനം, ഗ്രീൻ & ബ്ലൂ പോർട്ട് എന്നീ ഘടകങ്ങളും പദ്ധതിയിലുൾപ്പെടുന്നു. പദ്ധതി പ്രകാരമുള്ള പ്രവൃത്തിയിൽ ഉൾപ്പെട്ട താഴംപള്ളി ഭാഗത്ത് ടോയ്‌ലറ്റ് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. പ്രധാന ഘടകമായ പുലിമുട്ടിന്റെ നീളം കൂട്ടൽ, പുലിമുട്ടിന്റെ അറ്റകുറ്റപണികൾ എന്നീ പ്രവൃത്തികളുടെ ദർഘാസ് ഇതിനോടകം ക്ഷണിച്ചുകഴിഞ്ഞു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഏറ്റവും വേഗം അവിടെ നിർമ്മാണമാരംഭിക്കുമെന്ന് സഭയെ അറിയിക്കാൻ

ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച രണ്ടാമത്തെ പ്രശ്നം ചാനലുമായി ബന്ധപ്പെട്ടതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജ് വഴി കടൽമാർഗം കൊണ്ടുപോകുന്നതിന് മുതലപൊഴി ഹാർബറിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് 2018-ൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുകയുണ്ടായി. 2018 മുതൽ 2024 വരെയുള്ള ധാരണാപത്രം പ്രകാരം മുതലപ്പൊഴി ഫിഷിങ് ഹാർബറിലെ മൗത്തിനും ചാനലിനും അഞ്ച് മീറ്ററും ഹാർബർ ബേസിന് മൂന്നുമീറ്ററും ആഴം അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ഉറപ്പാക്കേണ്ടത് വ്യവസ്ഥയുണ്ടായിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് മുതലപ്പൊഴി വഴിയുള്ള കല്ല് നീക്കം അവസാനിച്ചിരുന്നു. തുടർന്ന് കല്ലുകൾ കയറ്റുന്നതിനുണ്ടാക്കിയ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി മുറിച്ചു മാറ്റിയ പുലിമുട്ട് അദാനി ഗ്രൂപ്പ് പുനഃസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അഞ്ച് മീറ്റർ ആഴം പൂർണ്ണമായി ഉറപ്പാക്കാൻ ഇവർക്ക് സാധിക്കാത്തതിനെത്തുടർന്ന് എന്റെയും വകുപ്പ് സെക്രട്ടറിയും സാന്നിധ്യത്തിൽ നടത്തിയ നിരന്തര യോഗങ്ങളുടെ അടിസ്ഥാനത്തിൽ

ഹാർബർ എഞ്ചിനീയറിങ് വകുപ്പുമുഖേന ഡ്രഡ്ജിങ് നടത്തുന്നതിനും അതിനാവശ്യമായ തുക അദാനി ഗ്രൂപ്പ് ഡെപ്പോസിറ്റ് ചെയ്യുന്നതിനും ധാരണയായിരുന്നു. തുടർന്ന് അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ 205 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി നൽകുകയും ചെയ്തു. 18-12-2024-ന് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അദാനി ഗ്രൂപ്പിൽനിന്നും ഫണ്ട് ലഭിക്കുമെന്ന അനുമാനത്തിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് ടെൻഡർ ക്ഷണിക്കുകയും RTF Infra Private Limited എന്ന സ്ഥാപനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തി നടത്താനുള്ള തുക കണക്കാക്കി 25-02-2025-ന് അദാനി ഗ്രൂപ്പിന് ഇൻവോയിസ് നൽകിയിരുന്നു. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരന്തരമായി നടത്തിയ ഇടപെടലിനെത്തുടർന്ന് ഉടൻതന്നെ തുക അനുവദിക്കുന്നതാണെന്ന് 08-03-2025-ലെ കത്തുപ്രകാരം അദാനി ഗ്രൂപ്പ് അറിയിച്ചിട്ടുണ്ട്. കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്ക ഗൗരവമായി എടുക്കുന്നു. അങ്ങയുടെ നേതൃത്വത്തിൽ നടത്തിയ

ശ്രദ്ധേയമായ പ്രവർത്തനത്തിന്റെ പരിണിതഫലമായാണ് മുതലപ്പൊഴി ഹാർബർ യാഥാർഥ്യമാകുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒരാഴ്ചക്കുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്ന് സഭ മുമ്പാകെ ഉറപ്പുനൽകുന്നു.

(9) പിറവം ചിത്രപ്പുഴ-മാമല ബണ്ട് റോഡ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, നാഷണൽ ഹൈവേ 85-ൽ തിരുവാങ്കുളം ജങ്ഷൻ ഗതാഗത തിരക്കേറിയ ജങ്ഷനുകളിലൊന്നാണ്. പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് മണിക്കൂറുകൾ നീണ്ട ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽനിന്നും ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും വാഹനങ്ങൾ എറണാകുളം നഗരത്തിലേക്ക് പോകുന്നത് ഈ ജങ്ഷനിലൂടെയാണ്. അതുകൊണ്ട് നാഷണൽ ഹൈവേ 85-ലെ തിരുവാങ്കുളം ജങ്ഷനിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി ഒരു സമാന്തര റോഡ് എന്ന നിലയിൽ ചിത്രപ്പുഴ-മാമല ബണ്ട് റോഡ് വിഭാവനം ചെയ്യുകയുണ്ടായി. ഈ സമാന്തര റോഡിനുവേണ്ടി സൗജന്യമായി ഭൂവുടമകൾ ഭൂമി വിട്ടുനൽകിയിരിക്കുകയാണ്. നിലവിൽ

ഭൂമിയുടെ വില എത്രയാണെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. കേരളത്തിലെ ഹൈവേകളിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത് ഭൂമിയുടെ വിലതന്നെയാണ്. എന്നാൽ ഇപ്പോൾ ജനങ്ങൾ സൗജന്യമായാണ് ഭൂമി വിട്ടുനൽകിയിരിക്കുന്നുയെന്നുള്ളതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. പക്ഷെ, സൗജന്യമായി വിട്ടുനൽകിയിരിക്കുന്ന നിർദ്ദിഷ്ട ബണ്ട് റോഡിലേക്ക് റിഫൈനറിയുടെ ഗ്യാസ് പൈപ്പ് ലൈനിടുകയുണ്ടായി. ഗ്യാസ് പൈപ്പ് ലൈനിട്ടത് മുനിസിപ്പാലിറ്റിയുടെ അനുമതിയോടെയാണ്. പക്ഷേ ഗ്യാസ് പൈപ്പ് ലൈനിട്ടതിനുശേഷം ഈ റോഡിന്റെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യമാണ് വന്നിരിക്കുന്നത്. ഇപ്പോൾ ഈ ഗ്യാസ് പൈപ്പ് ലൈനിന്റെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി ഇരുപത്തിനാല് കോടി രൂപയാണ് KSPPL (Kochi Salem Pipeline Private Limited) ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. സ്വാഭാവികമായും ഈ തുക അനുവദിക്കാൻ കഴിയില്ലെന്ന് കളക്ടർ അറിയിക്കുകയും ചെയ്തു. ഈ പദ്ധതിക്കുവേണ്ടി എഴുപത്തിയഞ്ചുകോടി രൂപ 2018-ൽ അനുവദിച്ചിട്ടുള്ളതാണ്. പക്ഷേ ഇതിന്റെ തുടർ നടപടികളിലേക്ക്

പോകാൻ കഴിയാത്തത് ഗ്യാസ് പൈപ്പ് ലൈൻ കിടക്കുന്നുയെന്നുള്ളതുകൊണ്ടാണ്. അതിനോടൊപ്പംതന്നെ കെ-റെയിലിന്റെ എൻ.ഒ.സി.-യും ഇപ്പോൾ ആവശ്യമായി വന്നിരിക്കുകയാണ്. പ്രധാനപ്പെട്ട ഈ രണ്ട് തടസ്സങ്ങൾ കാരണം ടി പദ്ധതി ഇപ്പോൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിൽ നിൽക്കുകയാണ്. റവന്യൂ നടപടിക്രമങ്ങൾ കുറെയൊക്കെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽപോലും ഈ ഗ്യാസ് പൈപ്പ് ലൈനുമായും കെ-റെയിലിന്റെ എൻ.ഒ.സി.-യുമായി ബന്ധപ്പെട്ട് പല തടസ്സങ്ങളും നിലനിൽക്കുകയാണ്. ഇതിന് പരിഹാരമായി പൈപ്പ് ലൈനിനെ ബാധിക്കാതെയിരിക്കാൻ പരിഹാരമെന്ന നിലയിൽ elevated രീതിയിൽ ഈ ഹൈവേ നിർമ്മിക്കാൻ കഴിയുമോ അല്ലെങ്കിൽ ബൈപ്പാസ് നിർമ്മിക്കാൻ കഴിയുമോയെന്നതാണ് പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തോട് ഏറ്റവും ഒടുവിൽ റിക്വസ്റ്റ് ചെയ്തിരിക്കുന്നത്. കളക്ടർ തലത്തിൽ നിരവധി മീറ്റിങ്ങുകളും കാര്യങ്ങളും കൂടുന്നുണ്ട്. പക്ഷേ കാര്യങ്ങൾ മുമ്പോട്ട് നീങ്ങാത്ത സാഹചര്യം നിലനിൽക്കുന്നു. അതുകൊണ്ട് ഗവൺമെന്റിന്റെ അടിയന്തര ഇടപെടലുണ്ടായി നാഷണൽ ഹൈവേ 85-ൽ തിരുവാങ്കുളം

ജങ്ഷനിലുണ്ടായിരിക്കുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചിത്രപ്പുഴ-മാമല റോഡിന്റെ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എഴുപത്തിയഞ്ച് കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കുള്ള ഡി.പി.ആർ. തയാറാക്കുകയാണ്. നിലവിൽ റോഡിന്റെ അലൈൻമെന്റിലൂടെയാണ് കൊച്ചി സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡിന്റെ ഗ്യാസ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിലവിലെ പൈപ്പ് ലൈനിനുപകരം പുതിയ ലൈൻ ഇടുന്നതിനാണ് Kochi Salem Pipeline Private Limited (KSPPL) തീരുമാനിച്ചിട്ടുള്ളത്. കിഫ്ബിയുടെ നിർദേശപ്രകാരം ഇതിനാവശ്യമായ തുകയുടെ വിവരങ്ങൾ അറിയിക്കാൻ KSPPL-നോട് നിർദേശിച്ചിരുന്നു. അവർ നൽകിയ ഇരുപത്തിയാറ് കോടി എൺപത്തിനാല് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്. പ്രസ്തുത റോഡിന്റെ അലൈൻമെന്റ് നിർദ്ദിഷ്ട കെ-

റെയിലിന്റെ അലൈൻമെന്റുമായി യോജിച്ചുപോകുന്നുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രവൃത്തി ഓവർ ലാപ് ചെയ്യുന്ന രണ്ടുഭാഗങ്ങളിൽ ആർ.ഒ.ബി./ആർ.യു.ബി. നിർമ്മിക്കണമെന്ന് കെ-റെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള അലൈൻമെന്റ് പ്രകാരം മുഴുവൻ ഭൂമിയും ഫ്രീ സറണ്ടറായി ലഭ്യമായിട്ടുണ്ട്. നിലവിലുള്ള അലൈൻമെന്റ് പ്രകാരം മുന്നോട്ടുപോകാൻ കഴിയുമോയെന്ന് പരിശോധിക്കാൻ കെ-റെയിലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഫ്രീ സറണ്ടറായി ലഭിച്ച ഭൂമിയുടെ സർവെ പൂർത്തിയായെങ്കിലും ഭൂമി കൈമാറി കിട്ടേണ്ടതുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഏകോപിപ്പിക്കാൻ കെ.ആർ.എഫ്.ബി – പി.എം.യു. ഡിവിഷൻ പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേക നിർദേശം നൽകാമെന്ന് സഭയെ അറിയിക്കുന്നു. അതോടൊപ്പം ദേശീയപാതാ 85-ലെ തിരുവാങ്കുളം ജങ്ഷന്റെ വിപുലീകരണത്തെ സംബന്ധിച്ചാണ് ഇവിടെ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഇത് ദേശീയപാതാ അതോറിറ്റിയുടെ കീഴിലുള്ള പ്രവൃത്തിയാണ്. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊവിഷൻ പ്രോജക്ടിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥലലഭ്യതയ്ക്കനുസരിച്ച് ജങ്ഷൻ വിപുലീകരണം

നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാമെന്നും സഭയെ അറിയിക്കുകയാണ്.